മൃഗശാലകളിലെ മാനുകളുടെയും മ്ലാവുകളുടെയും എണ്ണം

201 [1716] ശ്രീ. എം. എം. ഹസ്സൻ :

,, വി. ജെ. പൗലോസ് :

,, എം. കെ. പോൾസൺ മാസ്റ്റർ :

,, എം. എം. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള മൃഗശാലകളിലെ മാനുകളുടെയും മ്ലാവുകളുടെയും എണ്ണം 31-12-2004 ലെ കണക്കനുസരിച്ച് എത്രവീതമാണ് എന്ന് വ്യക്തമാക്കുമോ ;

(ബി) നിയമാനുസൃതമായി എത്രമാനുകളേയും മ്ലാവുകളെയുമാണ് ഈ മൃഗശാലകളിൽ വളർത്താവുന്നത് ;

(സി) മൃഗശാലകളിലെ മാനുകളുടെയും മ്ലാവുകളുടെയും വംശവർദ്ധന നിയന്ത്രിക്കുവാൻവേണ്ടി അവയെ വന്ധ്യംകരണം ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ എത്രയെണ്ണത്തെ ശസ്ത്രക്രിയയ്ക്ക് വിധേയമാക്കി എന്ന് വെളിപ്പെടുത്താമോ ;

(ഇ) വന്ധ്യംകരണ സമയത്തും അതിനെതുടർന്നും എത്ര മാനുകളും മ്ലാവുകളും ചത്തു എന്ന് കണക്കാക്കിയിട്ടുണ്ടോ ?

ഉത്തരം

(എ) മാനുകൾ—401
മ്ലാവുകൾ—173

(ബി) മാനുകൾ—കേന്ദ്ര മൃഗശാല അതോറിറ്റിയുടെ മാർഗ്ഗനിർദ്ദേശമനുസരിച്ച് 20 മാനുകളെയാണ് തിരുവനന്തപുരം മൃഗശാലയിൽ വളർത്താവുന്നത്. തൃശൂരെയും തൃപ്പൂണിത്തുറ ഹിൽപാലസ് മൃഗശാലയിലെയും കാര്യത്തിൽ കേന്ദ്ര മൃഗശാല അതോറിറ്റിയുടെ മാർഗ്ഗനിർദ്ദേശം ലഭിച്ചിട്ടില്ല.

മ്ലാവുകൾ—മ്ലാവുകളുടെ കാര്യത്തിൽ കേന്ദ്ര മൃഗശാല അധികൃതരിൽനിന്നും മ്യൂസിയങ്ങൾക്ക് നിർദ്ദേശമൊന്നും ലഭിച്ചിട്ടില്ല.

(സി) ആന്റ് (ഡി) ഉണ്ട്. 93 എണ്ണം.

(ഇ) വന്ധ്യംകരണ സമയത്തും അതിനെ തുടർന്നും 3 മ്ലാവുകൾ ചത്തിട്ടുണ്ട്. മാനുകൾ ഒന്നും ചത്തിട്ടില്ല.

നക്ഷത്രചിഹ്നമിടാത്ത 1586-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly